# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ഫെബ്രുവരി 04, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

6(*91) കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, പൂട്ടിക്കിടന്ന 864 കശുവണ്ടി ഫാക്ടറികളിൽ 482 എണ്ണം തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും 175 എണ്ണം റീസ്ട്രക്ച്ചറിംഗിന് സമ്മതിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തോട്ടണ്ടിയുടെ ആഭ്യന്തരോല്പാദനത്തിലെ കുറവും കേന്ദ്ര ഗവൺമെന്റ് 9.36% ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയതും സ്പെഷ്യൽ ഇക്കണോമിക് സോൺ വഴി ഗുണനിലവാരമില്ലാത്ത കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുന്നതും ആഭ്യന്തര

വിപണിയെ ഗുരുതരമായി ബാധിക്കുകയും വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും തൊഴിലുടമകളുടെ കടബാദ്ധ്യത വർദ്ധിക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്. ആഫ്രിക്കൻ രാജ്യമായ ഗിനിബിസ്സാവുവിൽനിന്ന് 3000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ടെന്നും മൊസാംബിക്, ഘാന, ഐവറികോസ്റ്റ്, ബെനിൻ എന്നിവിടങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സംഭരണം വർദ്ധിപ്പിച്ച് സ്വകാര്യ വ്യവസായികൾക്കുകൂടി ന്യായവിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കാനാണ് ശ്രമിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചതിലൂടെ കുറഞ്ഞ വിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. നടപ്പ് വർഷത്തെ വില നിശ്ചയിക്കുന്നതിനായി പ്രൈസ് ഫിക്സിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും കശുവണ്ടി വ്യവസായത്തിനും കശുമാവ് കൃഷിക്കാർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ന്യായവില ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ വിവിധ ഫാക്ടറികളിലായി 25 ഏക്കർ തരിശുഭൂമിയിൽ മാതൃകാ കശുമാവ് തോട്ട പദ്ധതി പ്രകാരം അത്യുല്പാദന ശേഷിയുള്ള തൈകളുടെ നടീലും കശുമാവ് കൃഷി വികസന ഏജൻസിയുമായി ചേർന്ന് ആർ.പി.എൽ., പുനലൂർ ബി.ബി എസ്റ്റേറ്റ്

എന്നിവിടങ്ങളിൽ കൃഷിയും ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ ഫാക്ടറികൾ തുറപ്പിക്കുന്നതിനായി ഒരു വർഷത്തേയ്ക്ക് പലിശരഹിത വായ്പ അനുവദിക്കുന്നതിനും കശുവണ്ടി ഫാക്ടറികൾ ആധുനികവത്കരിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും കശുവണ്ടി വ്യവസായം വ്യാപിപ്പിക്കുന്നതിനും തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7(*92) <u>ദുരന്തങ്ങൾ ഒഴിവാക്കാൻ ഭൂവിനിയോഗത്തിന് നിയമനിർമ്മാണം</u>

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, ദുരന്തങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 15% ഭൂപ്രദേശത്തെ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഹൈ ഹസാർഡ് സോണായി സൂചിപ്പിച്ചിട്ടുള്ള പ്രദേശങ്ങളിൽ വെടിമരുന്ന് ഉപയോഗിച്ച് പാറ പൊട്ടിക്കാൻ അനുവദിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മണ്ണിടിച്ചിലും ഉരുൾപൊട്ടലുമുണ്ടായ സ്ഥലങ്ങൾ പരിശോധിച്ച് വിശദ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെയും ശാസ്ത്രീയ ഉപദേശം നൽകുന്നതിന് വിദഗ്ദ്ധ

സമിതിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ദുരന്തത്തെ സംബന്ധിച്ച് ഭാവിയിലേയ്ക്ക് വിവരങ്ങൾ നൽകുന്നതിനായി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രളയത്തിൽ വെള്ളം കയറിയ ഉയരം അടയാളപ്പെടുത്താനും വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം തയ്യാറാക്കാൻ വിവിധ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പ്രവർത്തനത്തിൽ പങ്കെടുക്കുന്നതിന് പൊതുജനങ്ങൾക്കായി പ്രത്യേക മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ശേഖരിച്ച വിവരങ്ങൾ കേന്ദ്ര ജല കമ്മീഷന് ആധികാരിക ഭൂപടം നിർമ്മിക്കാൻ നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രളയാനന്തര പുന:സൃഷ്ടിക്കായി രൂപം നൽകിയ കേരള പുനർനിർമ്മാണ പദ്ധതിയിൽ പ്രളയത്തിൽ തകർന്ന റോഡുകൾ, വീടുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ജലവിതരണം, ജീവനോപാധികൾ, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, മലയോര/കുട്ടനാട് വികസനം, നദീതടങ്ങളുടെയും കടൽത്തീരങ്ങളുടെയും സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിലെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല്

ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ തുടങ്ങിയവ ഉൾപ്പെടുന്നുണ്ട്. വാസയോഗ്യവും പരിസ്ഥിതിക്ക് അനുയോജ്യവുമായ ഭൂമി കണ്ടെത്തി വീട്/ഫ്ലാറ്റ് എന്നിവ നിർമ്മിച്ച് പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ/പുറമ്പോക്ക് ഭൂമിയും വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്നതും സന്നദ്ധ സംഘടനകൾ/വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവ സംഭാവന ചെയ്യുന്നതുമായ ഭൂമിയും നടപടിക്രമങ്ങൾ പാലിച്ച് സ്വീകരിക്കുന്നതിനും പുറമ്പോക്കിൽ താമസിച്ചിരുന്നവർക്കായി പ്രത്യേക ക്ലസ്റ്റർ ഹൗസസ് നിർമ്മിച്ച് നൽകുന്നതിനും സ്ഥലവും വീടും പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് വാസയോഗ്യമായ സ്ഥലം വാങ്ങാൻ 6 ലക്ഷം രൂപ അനുവദിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. പൂർണ്ണമായും വീട് തകർന്നവർക്ക് സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക അനുവദിച്ചതോടൊപ്പം ബാക്കി തുക ഘട്ടംഘട്ടമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്നതാണ്. സ്വന്തം ഭൂമിയിൽ സർക്കാർ മേൽനോട്ടത്തിലും സ്പോൺസർ നേരിട്ട് കെട്ടിട പുനർനിർമ്മാണ ഏജൻസിയെ കണ്ടെത്തിയും

ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടെന്നും കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന്റെ സഹായത്തോടെ വീടുകൾ നിർമ്മിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുന്നതിനായി "സുരക്ഷിത കൂടൊരുക്കും കേരളം" എന്ന പേരിൽ ഭവനനിർമ്മാണ സഹായ കേന്ദ്രം 2018 നവംബർ മുതൽ 6 മാസത്തേയ്ക്ക് പ്രവർത്തിക്കുന്നതാണ്. പ്രളയം ബാധിച്ച നദികളിൽ അടിഞ്ഞുകൂടിയ മണലിന്റെ അളവ് കണ്ടെത്തുന്നതിന് ഒരിക്കൽക്കൂടി സാൻഡ് ഓഡിറ്റിംഗ് നടത്തുന്നതിനും ഫ്ലഡ് ലെവൽ മാർക്ക് ചെയ്യുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പുഴ/തോട് എന്നിവ സംരക്ഷിക്കുന്നതിനും ഉരുൾപൊട്ടൽമൂലം കരുവാരക്കുണ്ട് പ്രദേശത്ത് അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനും പ്രാദേശിക റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നടപടി സ്വീകരിക്കുമെന്നും വീടുകളും കിണറുകളും താഴ്ന്നുപോകുന്ന സ്ഥലങ്ങളിൽ പ്രത്യേക പരിശോധന നടത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8(*93) <u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷ</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള കപ്പൽപാത സജീവ മത്സ്യബന്ധന പ്രദേശത്തിനപ്പുറം സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അനുകൂല പ്രതികരണമാണ് പ്രതീക്ഷിക്കുന്നതെന്നും സഭയെ അറിയിച്ചു. കപ്പലുകളുമായി കൂട്ടിയിടിക്കുന്നത് ഒഴിവാക്കുന്നതിനായി 12 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങളിൽ വെസൽ ട്രാക്കിംഗ് സിസ്റ്റം/എ.ഐ.എസ് നിർബന്ധമാക്കിക്കൊണ്ട് കെ.എം.എഫ്.ആർ. റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യബന്ധനത്തിന് പോകുന്നവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമായ 'സാഗര' മൊബൈൽ ആപ്പ് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് പരിശീലനം നൽകുന്നുണ്ടെന്നും യാനങ്ങളുടെ സഞ്ചാരപഥം മനസ്സിലാക്കുന്ന 'ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം' എല്ലാ മത്സ്യബന്ധന യാനങ്ങളിലും നിർബന്ധമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിന്

മറൈൻ ആംബുലൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി 18.24 കോടി രൂപ ചെലവിൽ 3 ആംബുലൻസുകൾ നിർമ്മിക്കുന്നതിന് കൊച്ചിൻ ഷിപ്പ് യാർഡുമായി കരാറുണ്ടാക്കിയിട്ടുണ്ടെന്നും സംസ്ഥാനത്ത് 9 റസ്ക്യൂ ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ടെന്നും കെ.എം.എഫ്.ആർ ആക്ടിലും റൂളിലും ആവശ്യമായ ഭേദഗതികൾ വരുത്തി കടൽ പട്രോളിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ടെന്നും അടിയന്തര ഘട്ടങ്ങളിൽ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, കോസ്റ്റ് ഗാർഡ്, നേവി എന്നിവയുടെ സഹായം ലഭ്യമാക്കുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി ഇ-ടെൻഡറിലൂടെ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന്റെ പ്രൊപ്പോസൽ അംഗീകരിക്കുകയും ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നുവരികയുമാണ്. മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം ഭേദഗതി ചെയ്ത് പ്രകൃതി ക്ഷോഭത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കാനും പുനർവായ്പ നൽകുന്നതിന് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം

നൽകാനും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഹാർബറുകളിൽ തുടർച്ചയായി ഡ്രഡ്ജിംഗ് നടത്തുന്നതിനും നിലവിലുള്ളവ പ്രവർത്തനക്ഷമമാക്കുന്നതിനും കൂടുതൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും ജിയോ ട്യൂബ് ഉപയോഗിച്ച് കടൽത്തീരം സംരക്ഷിക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് പരിശീലനം നൽകുന്നതിനും മത്സ്യസമ്പത്തിന്റെയും മത്സ്യത്തൊഴിലാളികളുടെയും സുരക്ഷിതത്വത്തിനുമായി സ്പേഷ്യൽ പ്ലാനിംഗ് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1071 മുതൽ 1472 വരെയുള്ള ചോദ്യങ്ങളിൽ 267 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)